# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2270** **08.12.2015 ൽ മറുപടിയ്ക്ക്**

## പാരമ്പര്യേതര വൈദ്യുതി ഉൽപ്പാദനം

**ചോദ്യം**

ശ്രീ.ജെയിംസ് മാത്യു :

(എ) പാരമ്പര്യേതര വൈദ്യുതി ഉൽപ്പാദന പദ്ധതിയനുസരിച്ച് ഈ സർക്കാരിന്റെ കാലയളവിൽ ലക്ഷ്യമിട്ട ഉൽപ്പാദനം സാദ്ധ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) പൂർണ്ണമായും സാധിച്ചിട്ടില്ല. പദ്ധതികൾ പുരോഗമിക്കുകയാണ്.

- 10 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് 2012-13 ൽ അനെർട്ട് അവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന 10000 സൗരഗൃഹ പദ്ധതിയിൽ നിലവിൽ 8 മെഗാവാട്ടിലധികം പവർപ്ലാന്റുകൾ സ്ഥാപിച്ച് ഉത്പാദനം നടത്തുവാൻ സാധിച്ചിട്ടുണ്ട്. തുടർന്നും പുരോഗമിക്കുന്ന ഈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് 10 മെഗാവാട്ട് എന്ന ലക്ഷ്യം കൈവരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.
- 12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് 2014-15 ൽ ആരംഭിച്ച സോളാർ കണക്ട് ശൃഖംലാബന്ധിത പദ്ധതിയിൽ 3 മെഗാവാട്ട് പവർ പ്ലാന്റുകൾക്ക് പ്രതിഷ്ഠാപനത്തിനുള്ള അന്തിമ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമന പാതയിലാണ്.
- സർക്കാർ കെട്ടിടങ്ങളിൽ 110 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ 2012-13 ൽ ലഭിച്ച ഭരണാനുമതി പ്രകാരം പ്ലാന്റുകൾ പൂർത്തീകരിച്ചു കഴിഞ്ഞു. പാലക്കാട് കുഴൽമന്ദത്ത് സ്ഥാപിക്കാനായി സർക്കാർ ഭരണാനുമതി നൽകിയ 2 മെഗാവാട്ട് ശേഷിയുള്ള ശൃഖംലാബന്ധിത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ വഴി 200

മെഗാവാട്ട് ശേഷിയുള്ള വൈദ്യുതോത്പാദന പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.റ്റി.പി.സി. യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പിട്ടിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശത്ത് യന്ത്ര സാമഗ്രികൾ കൊണ്ടുപോകുന്നതിന് റോഡ് സൗകര്യമില്ലാത്തതിനാലും, ഈ പ്രദേശങ്ങളിൽ 850 കിലോവാട്ട് /1000 കിലോവാട്ട് WTG മാത്രമേ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടും ഈ പദ്ധതി സാങ്കേതികമായും സാമ്പത്തി കമായും അനുയോജ്യമല്ല എന്ന് എൻ.റ്റി.പി.സി അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശത്ത് അനെർട്ടും കെ.എസ്.ഇ.ബി. ലിമിറ്റഡും സംയുക്തമായി സോളാർ വിൻഡ് ഹൈബ്രിഡ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നത് വർദ്ധിപ്പിക്കുവാനായി മറ്റൊരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ട നടപടികൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**